# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298, മൊബൈൽ : 9495119702

2019 ഡിസംബർ 21

# വാർത്താക്കുറിപ്പ്

## വൈവാവോസി

2019 ഡിസംബറിൽ നടന്ന പത്താം സെമസ്റ്റർ ബി.എ./ബി.കോം./ബി.ബി.എ. (റഗുലർ/സപ്ലിമെന്ററി), ബി.എ. ക്രിമിനോളജി (ഓണേഴ്സ്) സപ്ലിമെന്ററി - പഞ്ചവത്സര എൽ.എൽ.ബി. പരീക്ഷകളുടെ വൈവാവോസി ജനുവരി ആറു മുതൽ 17 വരെ എറണാകുളം ഗവൺമെന്റ് ലോ കോളേജിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/2264/2019)

## പരീക്ഷാഫലം

2018 ഡിസംബറിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എസ്‌സി. ഫിസിക്സ് (പി.ജി.സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജനുവരി ആറുവരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/2265/2019)

2018 ഡിസംബറിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എസ്‌സി. ഇലക്ട്രോണിക്സ് (പി.ജി.സി.എസ്.എസ്. - റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജനുവരി ഒന്നുവരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/2266/2019)

REPEATED NEWS

## ദക്ഷിണേഷ്യ ഭീകരവാദത്തിനപ്പുറം;
## രാജ്യാന്തര കോൺഫറൻസ് സമാപിച്ചു

വികസനത്തെക്കുറിച്ചുള്ള പുനർചിന്തകളും പ്രകൃതിദുരന്തങ്ങളും മനുഷ്യ സുരക്ഷ സംബന്ധിച്ച കാഴ്ചപ്പാടുകൾക്ക് പുതിയ മാനം നൽകിയിട്ടുണ്ടെന്ന് മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സും ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കണ്ടംപററി ചൈനീസ് സ്റ്റഡീസും 'ദക്ഷിണേഷ്യ ഭീകരവാദത്തിനപ്പുറം; സമാധാനം, വികസനം, മനുഷ്യസുരക്ഷ' എന്ന വിഷയത്തിൽ സംഘടിപ്പിച്ച രാജ്യാന്തര കോൺഫറൻസ്. ഭീകരവാദത്തിന് പുറമെ കാലാവസ്ഥ വ്യതിയാനവും പ്രകൃതിദുരന്തങ്ങളും പാരിസ്ഥിതിക പ്രശ്നങ്ങളും മനുഷ്യസുരക്ഷയെ ബാധിക്കുന്നുണ്ട്. ഇത് സുരക്ഷ സംബന്ധിച്ച കാഴ്ചപ്പാടുകൾക്ക് പുതിയ മാനം നൽകിയിട്ടുണ്ടെന്നും കോൺഫറൻസ് വിലയിരുത്തി.

ദക്ഷിണേഷ്യയിലെ സുരക്ഷാപ്രശ്നങ്ങൾ, വികസനവും മനുഷ്യസുരക്ഷയും, തീരസുരക്ഷ, സമാധാനവും സുരക്ഷയും നേരിടുന്ന വെല്ലുവിളികൾ, പ്രാദേശിക സഹകരണം, ഭരണവും വികസനവും നേരിടുന്ന വെല്ലുവിളികൾ, ഇന്ത്യയും ദക്ഷിണേഷ്യയും, പാരിസ്ഥിതിക-ഊർജ സുരക്ഷ പ്രശ്നങ്ങൾ, ദുരന്ത നിവാരണം ഉടങ്ങിയ വിഷയങ്ങളുമായി ബന്ധപ്പെട്ട് പ്രബന്ധങ്ങൾ അവതരിപ്പിച്ചു. കൊൽക്കത്ത മൗലാനാ അബ്ദുൾകലാം ആസാദ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഏഷ്യൻ സ്റ്റഡീസ്, സംസ്ഥാന സർക്കാരിന്റെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ് എന്നിവയുടെ സഹകരണത്തോടെയാണ് രാജ്യാന്തര കോൺഫറൻസ് സംഘടിപ്പിച്ചത്. വിദേശരാജ്യങ്ങളിൽനിന്നടക്കം അധ്യാപകരും ഗവേഷകരും വിദ്യാർഥികളും പങ്കെടുത്തു.

**എ. അരുൺ കുമാർ**